99.16 കിലോമീറ്റർ റീകണ്ടക്ടറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2014-15 വാർഷികപദ്ധതിയിൽ 6.95 കിലോമീറ്റർ 11 കെ. വി. ലൈൻ നിർമ്മാണവും പുതിയ 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും 10.2 കിലോമീറ്റർ കൺവേർഷൻ പ്രവൃത്തികളും 50 കിലോമീറ്റർ റീകണ്ടക്ടറിംഗ് പ്രവൃത്തികളും ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. ആയൂർ 66 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി. ആയി ഉയർത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

2. 33 കെ.വി. കടയ്ക്കൽ സബ്സ്റ്റേഷനിൽ ഒരു 5 എം.വി.എ., 33/11 കെ. വി. ട്രാൻസ്ഫോർമർവച്ച് സബ്സ്റ്റേഷന്റെ സ്ഥാപിത ശേഷി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ ആദിവാസി കോളനികളിലെ വൈദ്യുതി കണക്ഷൻ

32 (6483) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ്, വെട്ടിവിട്ടക്കാട് എന്നീ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

ആർ.ജി.ജി.വി.വൈ.-ഡി.ഡി.ജി. (രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന ഡീസെൻട്രലൈസ്ഡ് ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ) പദ്ധതിയിൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അരയ്ക്കാപ്പ്, വെട്ടിവിട്ടക്കാട് എന്നീ കോളനികളിൽ വൈദ്യുതി എത്തിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ട്

വോൾട്ടേജ് ക്ഷാമം

33 (6484) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ വിഭാഗത്തിനുകീഴിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളിൽപ്പെടുത്തി 5741 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3717 കി.മീ. 11 കെ.വി.ലൈൻ പുതുതായി നിർമ്മിക്കുകയും 6135 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly